# എക്സ്പ്രസ്സ് ഹൈവേയിലെ പ്രണയം

തമ്പി ആന്റണി തെക്കേക്കുറ്റ്

കാലി ഫോർണിയായിൽ
ഫ്രീ വേയെന്ന
പെറ്റ് നെയിം
അല്ലെങ്കിൽ
വിളിപ്പേരിൽ
നീണ്ട് നിവർന്ന
എക്സ്പ്രസ്സ് ഹൈവേ
ഹൈ സ്പീഡിൽ
പതിഞ്ഞിരിക്കുന്ന
പ്രണയങ്ങൾ
എക്സിറ്റുകൾ
കടന്നു കടന്നു
അതി വേഗത്തിൽ
പൊയ്ക്കൊണ്ടിരുന്നു
പതിവു പോലെ
ഒരു ഹൈ ടെക്
ചുംബനം കിട്ടുമെന്ന്
വെറുതേ മോഹിച്ചു
പക്ഷേ...
അവൾ ഉറക്കമായിരുന്നു
ഹൈവേ പെട്രോളിന്റെ
മിന്നുന്ന ഫ്ലാഷും
ഉച്ചത്തിലുള്ള കൂവലും
കേൾക്കുന്നതു വരെ
ഫ്രീ വേയിലൂടെ
പതുക്കെ പോയാലും
പോലീസു പിടിക്കുമെന്ന്
അന്നാണ്
അവൾക്കും മനസ്സിലായത്
എക്സ്പ്രസ്സ് ഹൈവേയുടെ
നിർവികാരതയിൽ
വെറുതേ ബോറടിച്ചു

നമുക്കു സ്പീഡു കുറഞ്ഞ
കൺട്രി റോഡിലൂടെ
പശുക്കൾ മേയുന്ന
പുൽ മേടുകൾ കണ്ട്
പതുക്കെ പതുക്കെ പോകാം
അവസാനം...
അവൾ സമ്മതിച്ചു!